# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1079 | 05.03.2018-ൽ മറുപടിയ്ക്ക്

## റവന്യൂ വകുപ്പിൽ സേവനാവകാശ നിയമം

| ചോദ്യം: | മറുപടി: |
| --- | --- |
| ശ്രീ.അബ്ദുൽ ഹമീദ് പി. | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) റവന്യൂ വകുപ്പിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. 2012 ലെ കേരള സംസ്ഥാന സേവന അവകാശനിയമം (2012-ലെ 18)3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കൊണ്ട് റവന്യൂ വകുപ്പിൽ നിന്നും ലഭിയ്ക്കുന്ന സേവനങ്ങളും അത്തരം സേവനങ്ങൾ സംബന്ധിച്ച നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവയും ഉൾപ്പെടുത്തി കൊണ്ട് 2013 ജനുവരി 23 ലെ എൽ. ആർ. എച്ച് 3-49142/11 നമ്പർ പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത നിയമപ്രകാരം അവകാശമായ സേവനങ്ങൾ എന്തൊക്കെയെന്നത് സംബന്ധിച്ച് പ്രദേശിക റവന്യൂ ഓഫീസുകളിൽ നോട്ടീസുകൾ പതിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) സേവനാവകാശ നിയമപ്രകാരം റവന്യൂ വകുപ്പിന് കീഴിലുള്ള എല്ലാ പ്രാദേശിക ഓഫീസുകളിലും നോട്ടീസ് ബോർഡ് പ്രദർശിപ്പിച്ചിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളുടെയും/സ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡിൽ സേവനാവകാശ ആക്ടിന്റെ പരിധിയിൽ വരുന്ന സേവനങ്ങൾ, നിശ്ചിത സമയ പരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നും രണ്ടും അപ്പീൽ അധികാരികൾ എന്നിവയും, ഓരോ സേവനവും ലഭിയ്ക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളെപ്പറ്റിയുള്ള വിവരം, പ്രസ്തുത ചട്ടങ്ങളുടെ അനുബന്ധ ഫോറങ്ങൾ എന്നിവയും രേഖപ്പെടുത്തിയാണ് സേവനാവകാശ നിയമ പ്രകാരമുള്ള നോട്ടീസ് ബോർഡ് ഓഫീസുകളിൽ പ്രദർശിപ്പിച്ചിരിയ്ക്കുന്നത് . |

(സി) റവന്യൂ വകുപ്പിൽ സേവനാവകാശ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പിലെ സേവനങ്ങൾ സംബന്ധിച്ച് 23/01/2013 ലെ എൽ. ആർ. എച്ച് 3-49142/11 നമ്പർ ഉത്തരവ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപന പ്രകാരം റവന്യൂ വകുപ്പിലെ 24 സർട്ടിഫിക്കറ്റുകൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽപ്പെടുത്തിയിട്ടുണ്ട്. താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും ആർ. ഡി. ഒ ഓഫീസുകളിലും സേവനാവകാശ നിയമം സംബന്ധിച്ച ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വില്ലേജുകളുടെ ചാർജ്ജ് ഓഫീസർമാരുടെ പ്രതിമാസ വില്ലേജ് ഓഫീസ് പരിശോധനാ വേളയിൽ സേവനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ പുരോഗതി പരിശോധിയ്ക്കുന്നുണ്ട്. ജില്ലാ കളക്ടേറ്റുകളിൽ നിന്നുമുള്ള താലൂക്ക് ഓഫീസ്, വില്ലേജ് ഓഫീസ് പരിശോധനകളിലും സേവനാവകാശം സംബന്ധിച്ച രജിസ്റ്ററുകളും മറ്റും സൂക്ഷിച്ചിട്ടുള്ളതും ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നുള്ളതും പരിശോധിക്കുന്നുണ്ട്.

റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് സേവനാവകാശ നിയമത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി പരിശീലനം ആവശ്യമായി വരുന്നതിനാൽ ഐ.എൽ.ഡി. എം മുഖേന നടന്നു വരുന്ന പരിശീലന പരിപാടികളിൽ സേവനാവകാശ നിയമം ഒരു വിഷയമായി ഉൾപ്പെടുത്തി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**